"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ കാഷൽ സ്വീപ്പർമാരായിരുന്ന ശ്രീ. വിശ്വംഭരനും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത OA 830/2019 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.196/2025/RD — തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. 25.11.2005 ലെ സ.ഉ.(പി.) നം. 501/2005/ധന നമ്പർ ഉത്തരവ്.
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 10.03.2014 ലെ T.A.No.4862/2012 നമ്പർ കേസിലെ ഉത്തരവ്.
3. 29.04.2015 ലെ സ.ഉ. (സാധാ) നം.2214/2015/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ്
4. 23.05.2017 ലെ സ.ഉ. (സാധാ)നം. 2372/ 2017/റവ നമ്പർ സർക്കാർ ഉത്തരവ്
5. ശ്രീമതി മേരിക്കുട്ടി മുതല്പേർ 21.11.2017 ൽ സമർപ്പിച്ച നിവേദനം.
6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 24.11.2017 ലെ സി.പി.140/2015 നമ്പർ കേസിലെ ഉത്തരവ്.
7. 13.03.2018 ലെ സ.ഉ.(സാധാ) നം.884/2018/റവ നമ്പർ സർക്കാർ ഉത്തരവ്
8. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14/08/2024 ലെ OA 830/2019 നമ്പർ കേസിലെ ഉത്തരവ്.

**ഉത്തരവ്**

ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമവത്കരിക്കണമെന്നാവശ്യപ്പെട്ട് ടി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന സ്വീപ്പർമാരായ ശ്രീ.ബി.വിശ്വംഭരനും മറ്റ് 11 പേരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ T.A.No.4862/2012 (WP(C) No.14196/2007) നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിലവിലുണ്ടായിരുന്ന 3 പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകളിൽ ഹർജിക്കാരിൽ സീനിയറായ 3 പേരെ നിയമിച്ച് ഒഴിവുകളുണ്ടായ തീയതി മുതൽ ടിയാളുകളുടെ സേവനം ക്രമീകരിക്കുന്നതിനും മരണപ്പെട്ട ബി. ഇന്ദിര ഒഴികെ ബാക്കി 8 പേരെ ആലപ്പുഴ ജില്ലാ ഭരണ വിഭാഗത്തിൽ ഒഴിവുള്ളതോ ഇനി ഒഴിവാകുന്നതോ

ആയ പാർട്ട് ടൈം സ്വീപ്പർ അംഗീകൃത തസ്തികകളിൽ എവിടെയെങ്കിലും സീനിയോറിറ്റി അനുസരിച്ച നിയമനം നൽകി ക്രമവത്ക്കരിക്കുന്നതിനും പരാമർശം (3) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട ബി. ഇന്ദിര ഒഴികെയുള്ള ഹർജിക്കാരെ ചുവടെ പറയുന്ന ഓഫീസുകളിൽ നിയമിക്കുകയും അവർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ പി. ടി. എസ്. തസ്തികകളിൽ സ്ഥിരപ്പെടുത്തുകയുമുണ്ടായി.

| ക്രമ നമ്പർ | കാഷ്വൽ സ്വീപ്പറുടെ പേര് | നിയമനം ലഭിച്ച തീയതി | പി.ടി.എസ്. ആയി സേവനം ക്രമീകരിച്ച നൽകിയ തീയതി | നിയമനം നൽകിയ ഓഫീസ് |
|---|---|---|---|---|
| 1 | ശ്രീ. ബി. വിശ്വംഭരൻ | 05/1988 | 12/01/2011 | ആലപ്പുഴ കളക്ടറേറ്റ് |
| 2 | ശ്രീ. ബി. ബേബി | 02/1995 | 01/12/2012 | മാന്നാർ ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി, ആലപ്പുഴ |
| 3 | ശ്രീ. എ. മനാഫ് | 05/1988 | 31/01/2012 | ആലപ്പുഴ കളക്ടറേറ്റ് |
| 4 | ശ്രീമതി പി.പി. മേരി | 06/1988 | 31/01/2012 | ആലപ്പുഴ കളക്ടറേറ്റ് |
| 5 | ശ്രീമതി മേരിക്കുട്ടി | 06/1989 | 01/07/2014 (08/2015 ൽ വിരമിച്ചു ) | ആലപ്പുഴ ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസ് |
| 6 | ശ്രീമതി കെ. ജി. രാധാമണി | 11/1988 | 01/04/2015 | മാവേലിക്കര ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി |
| 7 | ശ്രീമതി വൈ. നസീമ | 06/1989 | 07/05/2015 | ആലപ്പുഴ ഡിസ്ട്രിക്ട് ഫോറം ഓഫീസ് |
| 8 | ശ്രീമതി എ. എൻ. പത്മാക്ഷി | 06/1989 | 01/06/2015 | എക്സൈസ് റേഞ്ച് ഓഫീസ്, മാവേലിക്കര |
| 9 | ശ്രീ. പി.വി. മൈക്കിൾ ദാസ് | 11/1988 | 01/08/2015 | അമ്പലപ്പുഴ താലൂക്ക് ഓഫീസ് |
| 10 | ശ്രീമതി ഖദീജ ബീവി | 12/1995 | 01/08/2015 | ചേർത്തല പോലീസ് സ്റ്റേഷൻ |
| 11 | ശ്രീമതി പി.ജെ. ത്രേസ്യാമ്മ | 07/1994 | 03/09/2015 | മാവേലിക്കര താലൂക്ക് ഓഫീസ് |

2. പ്രസ്തുത കേസിലെ അപേക്ഷകരിൽ ഉൾപ്പെട്ട ശ്രീമതി ഇന്ദിര മരണപ്പെട്ടതിനാൽ ടിയാൾക്ക് റെഗുലറൈസേഷൻ നൽകിയിരുന്നില്ല. ശ്രീമതി മേരിക്കുട്ടി 31/08/2015 ൽ 70 വയസ്സ്

പൂർത്തീകരിച്ചതിനെ തുടർന്ന് സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്തിരുന്നു. തുടർന്ന് മറ്റ് വകുപ്പുകളിലും താലൂക്ക് ഓഫീസുകളിലും നിയമിച്ചതിനെതിരെ ശ്രീമതി മേരിക്കുട്ടിയും മറ്റ് നാല് ജീവനക്കാരും ചേർന്ന് C.P(C) 140/2015 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയും ടി കേസിലെ ഹർജിക്കാരിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി മേരിക്കുട്ടി ഒഴികെയുള്ളവർക്ക് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിയമനം നല്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 24.03.2017 ൽ ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം ആലപ്പുഴ കളക്ടറേറ്റിൽ നാല് PTS തസ്തികകൾ കൂടി സൃഷ്ടിച്ച് ഉത്തരവാകുകയും ശ്രീമതി വൈ. നസീമ, ശ്രീ. ബി. ബേബി, ശ്രീമതി ഖദീജ ബീവി, ശ്രീമതി പി.ജെ. ത്രേസ്യാമ്മ എന്നിവരെ ആലപ്പുഴ ജില്ലാ കളക്ടറുടെ 19/06/2017 ലെ A4.18463/07 നമ്പർ നടപടിക്രമം പ്രകാരം ആലപ്പുഴ കളക്ടറേറ്റിൽ നിയമിക്കുകയുമുണ്ടായി.

3. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം 18/06/2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി ക്രമവത്ക്കരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മേരിക്കുട്ടി മുതൽപേർ സർക്കാർ മുമ്പാകെ പരാമർശം (5) പ്രകാരം ഒരു നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ മാനദണ്ഡങ്ങൾക്കനുസൃതമായി തീരുമാനമെടുക്കുവാൻ പരാമർശം (6) ലെ ഉത്തരവ് പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സർക്കാരിന് നിർദേശം നല്കിയിരുന്നു. എന്നാൽ ഹർജിക്കാരെ 18.06.2001 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് വളരെയധികം സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകും എന്നതിനാൽ പ്രസ്തുത ആവശ്യം പരാമർശം (7) പ്രകാരം നിരസിക്കുകയുണ്ടായി. ഇതിനെതിരെ ശ്രീ. ബി. വിശ്വംഭരനും മറ്റ് 9 ജീവനക്കാരും ചേർന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 830/2019 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് പരിഗണിച്ച ബഹു. ട്രൈബ്യൂണൽ പരാമർശം (7) ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാർക്ക് 18.06.2001 മുതൽ റെഗുലറൈസേഷന് അർഹതയുണ്ടെന്ന് നിരീക്ഷിച്ചുകൊണ്ട് ടി ആളുകൾക്ക് 18.06.2001 പ്രാബല്യത്തിൽ പി.ടി.എസ്. ആയി ക്രമവത്ക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുവാൻ പരാമർശം (8) പ്രകാരം സർക്കാരിന് നിർദേശം നല്കുകയും ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വിശ്വംഭരൻ, ശ്രീ. ബി. ബേബി, ശ്രീ. എ. മനാഫ്, ശ്രീമതി പി.പി.മേരി, ശ്രീമതി മേരിക്കുട്ടി, ശ്രീമതി കെ.ജി.രാധാമണി, ശ്രീമതി വൈ.നസീമ, ശ്രീമതി എ.എൻ.പത്മാക്ഷി, ശ്രീ.പി.വി.മൈക്കിൾദാസ്, ശ്രീമതി ഖദീജ ബീവി, ശ്രീമതി പി.ജെ.ത്രേസ്യാമ്മ എന്നിവരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001

തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയും തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുന്നതിനു അനുമതി നല്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (8) ലെ ഉത്തരവിലെ നിർദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം ജി രാജമാണിക്കം

സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
2. കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, ആലപ്പുഴ
4. ശ്രീ. വിശ്വംഭരൻ, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
5. ശ്രീ. ബി. ബേബി, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
6. ശ്രീ. എ. മനാഫ്, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
7. ശ്രീമതി പി.പി.മേരി, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
8. ശ്രീമതി മേരിക്കുട്ടി (റിട്ട.), പാർട്ട് ടൈം സ്വീപ്പർ, ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസ്, ആലപ്പുഴ. (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
9. ശ്രീമതി കെ.ജി.രാധാമണി, പാർട്ട് ടൈം സ്വീപ്പർ, ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറി ആലപ്പുഴ. / തൈപ്പറമ്പിൽ വീട്, കുതിരപ്പന്തി വാർഡ്, ആലപ്പുഴ 688 002 (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
10. ശ്രീമതി വൈ.നസീമ, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
11. ശ്രീമതി എ.എൻ.പത്മാക്ഷി, പാർട്ട് ടൈം സ്വീപ്പർ, എക്സൈസ് ഓഫീസ്, മങ്കൊമ്പ്, ആലപ്പുഴ 688 502 (ലാൻഡ് റവന്യു കമ്മീഷണർ മുഖേന )
12. മരണപ്പെട്ട മൈക്കിൾദാസിന്റെ അനന്തരാവകാശികൾക്ക്, പുത്തൻപുരയ്ക്കൽ വീട്, പൊള്ളേത്തൈ പി.ഒ., കലവൂർ, ആലപ്പുഴ 688 522 (ലാൻഡ് റവന്യു കമ്മീഷണർ മുഖേന)
13. ശ്രീമതി ഖദീജ ബീവി, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യു കമ്മീഷണർ മുഖേന )
14. ശ്രീമതി പി.ജെ.ത്രേസ്യാമ്മ, പാർട്ട് ടൈം സ്വീപ്പർ, കളക്ടറേറ്റ്, ആലപ്പുഴ. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന )
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള,

തിരുവനന്തപുരം.

16. ധനകാര്യ വകുപ്പ് (05/02/2025 ലെ 135287/EXP-C2/112/2015-FIN നമ്പർ റിമാർക്ക്സ് പ്രകാരം)

17. നിയമ വകുപ്പ് (22.02.2025 ലെ ST-I(2)/57/2025/2025-LAW നമ്പർ റിമാർക്സ് പ്രകാരം)

18. പൊതുഭരണ (എസ്.സി) വകുപ്പ് (02.07.2025 ലെ ഇനം നമ്പർ 3088 പ്രകാരം)

19. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

20. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് ( REV-T1/194/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 04-07-2025 10:22:32

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. റവന്യ‍ു വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

ഓഫീസർ ഓൺ ഡ്യൂട്ടി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ സി എ ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. റവ-റ്റി1/194/2024/റവ. ഇനം നം: 3088

വിഷയം : റവന്യൂ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 830/2019 നമ്പർ കേസിലെ 14.08.2024-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ കാഷ്വൽ സ്വീപ്പർമാരായിരുന്ന ശ്രീ. വിശ്വംഭരനെയും മറ്റുള്ള 10 പേരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001 മുതൽ മുൻകാല പ്രാബല്യം നൽകി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3088

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | റവ-റ്റി1/194/2024-റവ. |
| 2. | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3. | വിഷയം | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 830/2019 നമ്പർ കേസിലെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ കാഷ്വൽ സ്വീപ്പർമാരായിരുന്ന ശ്രീ. വിശ്വംഭരനെയും മറ്റുള്ള 10 പേരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001 മുതൽ മുൻകാല പ്രാബല്യം നൽകി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31.05.2025 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | ഉണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്., നിയമ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് (i/c) | ശ്രീ. ബിജു കെ. |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 20.06.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.06.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24.06.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.06.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 830/2019 നമ്പർ കേസിലെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ കാഷ്വൽ സ്വീപ്പർമാരായിരുന്ന ശ്രീ. ബി. വിശ്വംഭരനെയും മറ്റുള്ള 10 പേരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ക്രമവത്കരിക്കണമെന്നാവശ്യപ്പെട്ട് ടി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചിരുന്ന സ്വീപ്പർമാരായ ശ്രീ. ബി.വിശ്വംഭരനും മറ്റ 11 പേരും ചേർന്ന് ബഹു. കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യുണൽ മുൻപാകെ T.A.No.4862/2012 (WP(C) No.14196/2007) നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 10.03.2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിലവിലുണ്ടായിരുന്ന 3 പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലെ ഒഴിവുകളിൽ ഹർജിക്കാരിൽ സീനിയറായ 3 പേരെ നിയമിച്ച് ഒഴിവുകൾ ഉണ്ടായ തീയതി മുതൽ ടിയാളുകളുടെ സേവനം ക്രമീകരിക്കുന്നതിനും മരണപ്പെട്ട ബി. ഇന്ദിര ഒഴികെ ബാക്കി 8 പേരെ ആലപ്പുഴ ജില്ലാ ഭരണ വിഭാഗത്തിൽ ഒഴിവുള്ളതോ ഇനി ഒഴിവാകുന്നതോ ആയ പാർട്ട് ടൈം സ്വീപ്പർ അംഗീകൃത തസ്തികകളിൽ എവിടെയെങ്കിലും സീനിയോറിറ്റി അനുസരിച്ച് നിയമനം നൽകി ക്രമവത്കരിക്കുന്നതിനും 29.04.2015 ലെ സ.ഉ. (സാധാ) നം.2214/2015/ആർ.ഡി. പ്രകാരം അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ടയാൾ ഒഴികെയുള്ള ഹർജിക്കാരെ ചുവടെ പറയുന്ന ഓഫീസുകളിൽ നിയമിക്കുകയും അവർക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ പി ടി എസ് തസ്തികകളിൽ സ്ഥിരപ്പെടുത്തുകയുമുണ്ടായി .

| | കാഷ്വൽ സ്വീപ്പറുടെ പേര് | നിയമനം ലഭിച്ച തീയതി | പി.ടി.എസ്. ആയി സേവനം ക്രമീകരിച്ച നൽകിയ തീയതി | നിയമനം നൽകിയ ഓഫീസ് |
|---|---|---|---|---|
| 1 | ശ്രീ. ബി. വിശ്വംഭരൻ | 05/1988 | 12/01/2011 | ആലപ്പുഴ കളക്ടറേറ്റ് |
| 2 | ശ്രീ. ബി. ബേബി | 02/1995 | 01/12/2012 | മാന്നാർ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ആലപ്പുഴ |
| 3 | ശ്രീ. എ. മനാഫ് | 05/1988 | 31/01/2012 | ആലപ്പുഴ കളക്ടറേറ്റ് |
| 4 | ശ്രീമതി പി.പി. മേരി | 06/1988 | 31/01/2012 | ആലപ്പുഴ കളക്ടറേറ്റ് |
| 5 | ശ്രീമതി മേരിക്കുട്ടി | 06/1989 | 01/07/2014 (08/2015 ൽ വിരമിച്ചു ) | ആലപ്പുഴ ഡ്രഗ്സ് ഇൻസ്പെക്ടർ ഓഫീസ് |
| 6 | ശ്രീമതി കെ. ജി. രാധാമണി | 11/1988 | 01/04/2015 | മാവേലിക്കര ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി |
| 7 | ശ്രീമതി വൈ. നസീമ | 06/1989 | 07/05/2015 | ആലപ്പുഴ ഡിസ്ട്രിക്ട് ഫോറം ഓഫീസ് |
| 8 | ശ്രീമതി എ. എൻ. പത്മാക്ഷി | 06/1989 | 01/06/2015 | എക്സൈസ് റേഞ്ച് ഓഫീസ്, മാവേലിക്കര |
| 9 | ശ്രീ. പി.വി. മൈക്കിൾ ദാസ് | 11/1988 | 01/08/2015 | അമ്പലപ്പുഴ താലൂക്ക് ഓഫീസ് |
| 10 | ശ്രീമതി ഖദീജ ബീവി | 12/1995 | 01/08/2015 | ചേർത്തല പോലീസ് സ്റ്റേഷൻ |
| 11 | ശ്രീമതി പി.ജെ. ത്രേസ്യാമ്മ | 07/1994 | 03/09/2015 | മാവേലിക്കര താലൂക്ക് ഓഫീസ് |

3) പ്രസ്തുത കേസിലെ അപേക്ഷകരിൽ ഉൾപ്പെട്ട ശ്രീമതി ഇന്ദിര മരണപ്പെട്ടതിനാൽ ടിയാൾക്ക് റെഗുലറൈസേഷൻ നൽകിയിരുന്നില്ല. ശ്രീമതി മേരിക്കുട്ടി 31/08/2015 ൽ 70

വയസ്സ് പൂർത്തീകരിച്ചതിനെ തുടർന്ന് സേവനത്തിൽ നിന്ന് വിരമിക്കുകയും ചെയ്തിരുന്നു. തുടർന്ന് മറ്റ് വകുപ്പുകളിലും താലൂക്ക് ഓഫീസുകളിലും നിയമിച്ചതിനെതിരെ ശ്രീമതി മേരിക്കുട്ടിയും മറ്റ് നാല് ജീവനക്കാരും ചേർന്ന് C.P(C).140/2015 നമ്പർ കോടതിയലക്ഷ്യം ഫയൽ ചെയ്യുകയും ടി കേസിലെ ഹർജിക്കാരിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി മേരിക്കുട്ടി ഒഴികെയുള്ളവർക്ക് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ നിയമനം നല്കാൻ ബഹു. ട്രൈബ്യൂണൽ 24.03.2017 ൽ ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 23.05.2017 ലെ സ.ഉ. (സാധാ) 2372/ 2017/റവ പ്രകാരം ആലപ്പുഴ കളക്ടറേറ്റിൽ നാല് PTS തസ്തികകൾ കൂടി സൃഷ്ടിച്ച് ഉത്തരവാകുകയും ശ്രീമതി വൈ. നസീമ, ശ്രീ. ബി. ബേബി, ശ്രീമതി ഖദീജ ബീവി, ശ്രീമതി പി.ജെ. ത്രേസ്യാമ്മ എന്നിവരെ ആലപ്പുഴ കളക്ടറുടെ 19/06/2017 ലെ A4. 18463/07 നമ്പർ നടപടിക്രമം പ്രകാരം ആലപ്പുഴ കളക്ടറേറ്റിൽ നിയമിക്കുകയുമുണ്ടായി.

4) 25.11.2005 ലെ സ.ഉ.(പി.) നം. 501/2005/ധന ഉത്തരവിലെ ഖണ്ഡിക 8 പ്രകാരം 18/06/2001 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പറായി ക്രമവത്ക്കരിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി മേരിക്കുട്ടി മുതൽപേർ സർക്കാർ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിന്മേൽ മാനദണ്ഡങ്ങൾക്കനുസൃതമായി തീരുമാനമെടുക്കുവാൻ സി.പി.140/2015 നമ്പർ കേസിലെ 24.11.2017 ലെ ഉത്തരവ് പ്രകാരം ബഹു.ട്രൈബ്യൂണൽ സർക്കാരിന് നിർദേശം നല്കിയിരുന്നു. എന്നാൽ ഹർജിക്കാരെ 18.06.2001 മുതൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് വളരെയധികം സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകും എന്നതിനാൽ പ്രസ്തുത ആവശ്യം 13.03.2018 ലെ സ.ഉ.(സാധാ) നം.884/2018/റവ പ്രകാരം നിരസിക്കുകയുണ്ടായി. ഇതിനെതിരെ ശ്രീ. ബി. വിശ്വംഭരനും മറ്റ 9 ജീവനക്കാരും ചേർന്ന് OA 830/2019 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ് 14/08/2024 ൽ പരിഗണിച്ച ബഹു. ട്രൈബ്യൂണൽ 13.03.2018 ലെ സർക്കാർ ഉത്തരവ് റദ്ദാക്കുകയും ഹർജിക്കാർക്ക് 18.06.2001 മുതൽ റെഗുലറൈസേഷന് അർഹതയുണ്ടെന്ന് നിരീക്ഷിച്ചുകൊണ്ട് ടി ആളുകൾക്ക് 18.06.2001 പ്രാബല്യത്തിൽ പി.ടി.എസ് ആയി ക്രമവത്ക്കരിച്ച് തദനുസൃതമായ ആനുകൂല്യങ്ങൾ നല്കുവാൻ ഉത്തരവാകുകയും ചെയ്തു.

5) OA 830/2019 നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. വിശ്വംഭരൻ മുതൽപേരെ PTS തസ്തികയിൽ സ്ഥിരപ്പെടുത്തിയതിനു 18.06.2001 മുതൽ മുൻകാല പ്രാബല്യം നൽകി

തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന്മേൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഈ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്വീപ്പിങ്ങ് ഏര്യ പുനർനിർണ്ണയിക്കുമ്പോൾ 100 ച.മീ അധികം സ്വീപ്പിങ്ങ് ഏര്യ ഉള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരാണ് ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്. ഇത്തരത്തിൽ ക്രമവത്ക്കരണം അനുവദിക്കുമ്പോൾ 18/06/2001 തിയ്യതി പ്രാബല്യത്തിലോ കാഷ്വൽ സ്വിപ്പറായി നിയമനം ലഭിച്ച തിയ്യതിയോ ഏതാണ് രണ്ടാമത് വരുന്നത് പ്രസ്തുത തിയ്യതി മുതൽ ക്രമവത്ക്കരണം അനുവദിക്കാവുന്നതാണ്. 25/11/2005 തിയ്യതിയിലെ ഉത്തരവിലെ ഖണ്ഡിക 14,15 അനുസരിച്ച് 100 ച . മീ മുതൽ 800 ച . മീ വരെ സ്വീപ്പിങ്ങ് ഏര്യ ഉള്ള ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയാണ് അനുവദനീയമായിട്ടുള്ളത്. അതനുസരിച്ച് 7200 ച .മീ സ്വീപ്പിംഗ് ഏര്യ ഉള്ള ആലപ്പുഴ കളക്ടറേറ്റിൽ 9 പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് മാത്രമാണ് അർഹത ഉള്ളത്. TA No.4862/12 (WP(C) No.14196/07) നമ്പർ കേസിലെ അപേക്ഷകർ ആലപ്പുഴ കളക്ടറേറ്റിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന സമയത്ത് തന്നെ പ്രസ്തുത ഓഫീസിൽ 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകളും നിലവിൽ ഉണ്ടായിരുന്നതും ഈ തസ്തികകളിൽ സ്ഥിരം ജീവനക്കാർ ജോലി നോക്കിയിരുന്നതുമാണ്. 25/11/2005 തിയ്യതിയിലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുകയാണെങ്കിൽ TA No.4862/12 (WP(C) No.14196/07) നമ്പർ കേസിലെ ഹർജിക്കാർക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹത ഇല്ലാത്തതാണ്. എന്നിരുന്നാലും ബഹു. കോടതി വിധി പാലിക്കുന്നതിന്റെ ഭാഗമായാണ് അധിക PTS തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ച് ഹർജിക്കാരെ

സ്ഥിരപ്പെട്ടുത്തുന്നതിന് ധനവകുപ്പ് അനുമതി നല്കിയത്.

OA 830/2019 നമ്പർ കേസിലെ reply statement - ൽ ആലപ്പുഴ കളക്ടറേറ്റിൽ മതിയായ സ്വീപ്പിങ്ങ് ഏരിയ ഇല്ലായിരുന്നു എന്ന വിവരം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും ബഹു.കോടതി ആയത് അംഗീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, 25/11/2005 തിയ്യതിയിലെ സ.ഉ. (പി) നം. 501/2005/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മതിയായ സ്വീപ്പിങ്ങ് ഏര്യ ഇല്ലാതിരുന്ന കാലയളവിൽ കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് അനുവദനീയമല്ലാത്തതിനാൽ OA 830/2019 നമ്പർ കേസിലെ 14.08.2024 തീയതിയിലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു."

6) എന്നാൽ TA No.4862/12 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 10.03.2014 ലെ ഉത്തരവിൽ ഹർജിക്കാർ 18.06.2001 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തലിന് അർഹരാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടില്ലാത്തതിനാൽ ആയത് അന്തിമമാണെന്നും ആയതിനാൽ തന്നെ വിജയകരമായ അപ്പീലിന് സാദ്ധ്യതയില്ലെന്നും സീനിയർ ഗവൺമെന്റ് പ്ലീഡർ ലീഗൽ ഒപ്പീനിയൻ ലഭ്യമാക്കിയിരുന്നു. ആയതിനാൽ ബഹു. ട്രൈബ്യൂണലിന്റെ O.A 830/2019 നമ്പർ കേസിൽ 14.08.2024 ലെ ഉത്തരവിനെതിരെ അപ്പീലിന് സാദ്ധ്യതയുണ്ടോ എന്നതിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം ആരായുകയും ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"OA 830/2019 നമ്പർ കേസിൽ ബഹു.ട്രിബ്യൂണൽ മുമ്പാകെ അപേക്ഷകർ ഉന്നയിച്ച പ്രധാന വിഷയം 18.06.2001 തീയതി പ്രാബല്യത്തിൽ അപേക്ഷകരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുക എന്നതാണ്. താഴെ പറയുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ 18.06.2001 തീയതി പ്രാബല്യത്തിൽ അപേക്ഷകരെ റെഗുലറൈസ് ചെയ്യുന്നതിനും

ആയതിനോടനുബന്ധിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ഉത്തരവായിട്ടുള്ളതെന്ന് കാണുന്നു :- " No attempt was made from the side of the Government to consider their entitlement as per G.O dated 25.11.2005 and instead, the Government has refused to consider their claim on the ground that there was no such direction in the orders in TA.No.4862/2012 and C.P No.140/2015. Now for the first time in the reply statement filed in this OA.830/2019, the respondents have come up with the contention that no regularisation is possible w.e.f 18.06.2001 as the Collectorate was having sufficient Part Time Sweepers on the date on which the regularization of the applicants was considered. It is settled proposition of law that an order which is barred of its cannot be improved by a subsequent affidavit."

കൂടാതെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷകർ ഫയൽ ചെയ്ത TA.4862/12 (WP(C) No.14196/07) നമ്പർ കേസിലെ 10.03.2014 തീയതിയിലെ ഉത്തരവിൽ ഇപ്രകാരം നിരീക്ഷിച്ചു കൊണ്ടാണ് ബഹു.ട്രിബ്യൂണൽ 25.11.2005 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുന്നതിന് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയതെന്ന് കാണുന്നു :- " The case of the respondents is that the sweeping area will come to 7200.80 Sq.Mtrs. A casual sweeper can be regularized, if there is a sweeping area of 100 sq.mtrs for him, under Ext.P10. Even if the outer limit of 400 Sq.Mtrs is taken, there is sufficient area to accommodate all the 13 casual sweepers. Now, one of them is no more, and for the remaining 12 casual sweepers, there in more that sufficient sweeping area to regularize them. Even taking the

sweeping area of a casual sweeper as 400 Sq.Mtrs, the area of 7200.80 Sq.Mtrs is sufficient to accommodate 18 casual sweepers. In view of the above position Ext.P11 is quashed."

10.03.2014 തീയതിയിലെ ടി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടില്ലായെന്ന് കാണുന്നു. അപ്രകാരം പ്രസ്തുത ഉത്തരവ് അന്തിമമായി തീർന്നിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ OA 830/2019 നമ്പർ കേസിൽ അപേക്ഷകർക്ക് അനുകൂലമായി ഉത്തരവായിട്ടുള്ളതെന്ന് കാണുന്നു.

ഈ കേസ് സംബന്ധിച്ച വസ്തുതകൾ മേൽപ്രകാരമായിരിക്കെ, OA 830/2019 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 14.08.2024 തീയതിയിലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീൽ സാധ്യത വിരളമാണെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

7) ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. വിശ്വംഭരനെയും മറ്റുള്ള 10 പേരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001 മുതൽ മുൻകാല പ്രാബല്യം നൽകി തദനുസൃതമായ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന O.A.830/ 2019 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ 14.08.2024 ലെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീൽ സാധ്യത വിരളമാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ, ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കികൊണ്ട് ശ്രീ.വിശ്വംഭരനെയും മറ്റുള്ളവരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18/06/2001 മുതൽ മുൻകാല പ്രാബല്യം അനുവദിക്കാവുന്നതാണോ എന്ന വിഷയം ഉത്തരവിനായി സമർപ്പിച്ചപ്പോൾ, ചീഫ് സെക്രട്ടറി പരിശോധിച്ച് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ

ചീഫ് സെക്രട്ടറി ചുവടെ ചേർക്കുന്ന കുറിപ്പോടെ ഉത്തരവിനായി സമർപ്പിച്ചിരുന്നു.

> "ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഉത്തരവിനെതിരെ വിജയപ്രദമായ അപ്പീലിന് സാദ്ധ്യതയില്ലെന്ന അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ആലപ്പുഴ ജില്ലാ റവന്യൂ വിഭാഗത്തിൽ 12 ജീവനക്കാരെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം അനുവദിച്ചതിന് 18.06.2001 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്."

8) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 830/2019 നമ്പർ കേസിലെ 14.08.2024 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ സ്വീപ്പർമാരായി സേവനമനുഷ്ഠിച്ചിരുന്ന, ഈ കുറിപ്പിന്റെ രണ്ടാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള, ശ്രീ. വിശ്വംഭരനെയും മറ്റുള്ള 10 ജീവനക്കാരെയും പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയതിന് 18.06.2001 തീയതി മുതൽ മുൻകാല പ്രാബല്യം നൽകി തദനുസൃതമായ ആനുകൂല്യങ്ങൾ അനുവദിക്കാമോ?

**Government of Kerala**
**(Sri.Pinarayi Vijayan Ministry)**
**NOTE FOR THE COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File No. | RD-T1/194/2024-RD |
| 2 | Department | Revenue (T) Department |
| 3 | Subject | Regularisation of the services of Sri.Viswambaran and 10 others, who were the Casual Sweepers of Alappuzha district Revenue establishment, as Part Time Sweepers, with retrospective effect from 18.06.2001 and granting consequential benefits to them in accordance with the Order of the Hon'ble Administrative Tribunal dated 14.08.2024 in OA No.830/2019 -reg. |
| 4 | Date of Chief Minister's order for placing before the Council | 31.05.2025 |
| 5 | i) Does the case involve financial commitments/implications<br>ii) If the answer to the above is in the affirmative, whether the Finance Department has been consulted and their remarks incorporated in the Council Note | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | Yes., Law Department |
| 7 | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8 | Name of Secretary (i/c) who approved the Draft Note | Sri. Biju K |
| 9 | Date of approval of the Draft Note for the Council by the Secretary | 20.06.2025 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 23.06.2025 |
| 12 | Name of Minister who approved the Draft Note | Sri.K.Rajan |
| 13 | Date of approval of the Draft Note for the Council by the Minister | 24.06.2025 |
| 14 | Date of submission of fair copies | 28.06.2025 |
| 15 | Date of decision by the council of Ministers | |
| 16 | Number and date of the G.O. / letter communicating the decision. | |

# NOTE FOR THE COUNCIL OF MINISTERS

This note relates to the regularization of the services of Sri. Viswambharan and 10 others, who were the sweepers in the Alappuzha District Revenue establishment, against the posts of Part Time Sweeper with retrospective effect from 18.06.2001 and granting consequential benefits to them in accordance with the order of the Hon'ble Kerala Administrative Tribunal dated 14.08.2024 in OA No.830/2019.

2) Shri. B. Vishwambharan and 11 others, who were working as sweepers on daily wage basis in the Alappuzha District Collectorate had filed T.A.No.4862/2012 (WP(C) No.14196/2007) before the Hon'ble Kerala Administrative Tribunal seeking regularization of their service by creating posts of Part-time Sweeper in the said office. Pursuant to the order dated 10.03.2014 of the Hon'ble Kerala Administrative Tribunal in the said case Government had ordered to appoint the senior most 3 applicants in the existing 3 vacancies in the Alappuzha District Collectorate and to regularize their service from the date of occurrence of vacancies and to appoint the remaining 8 applicants by excluding the deceased one, B. Indira in the existing or in the vacancies arising in the sanctioned post of Part time Sweeper in Alappuzha district Administration according to seniority and to regularise their service vide G.O.(Rt)No.2214/2015/RD dated 29.04.2015. Accordingly, the applicants except the deceased were appointed in the following offices and regularised as PTS w.e.f the date indicated against each of them.

| | Name of Casual Sweeper | Date of Appointment | Date of Regularisation as PTS | Office where the applicants were appointed. |
|---|---|---|---|---|
| 1 | Sri. B. Viswambharan | 05/1988 | 12/01/2011 | Collectorate, Alappuzha |
| 2 | Sri. B. Baby | 02/1995 | 01/12/2012 | Govt. Ayurveda Dispensary, Mannar Alappuzha |

| | | | | |
|---|---|---|---|---|
| 3 | Sri. A. Manaf | 05/1988 | 31/01/2012 | Collectorate, Alappuzha |
| 4 | Smt. P. P. Mary | 06/1988 | 31/01/2012 | Collectorate, Alappuzha |
| 5 | Smt. Mary Kutty | 06/1989 | 01/07/2014 (Retired on 08/2015 ) | Drugs Inspector Office, Alappuzha |
| 6 | Smt. K. G. Radhamani | 11/1988 | 01/04/2015 | Government Ayurvedha Dispensary, Mavelikkara |
| 7 | Smt. Y. Naseema | 06/1989 | 07/05/2015 | District Form store, Alappuzha |
| 8 | Smt. A. N. Padmakshi | 06/1989 | 01/06/2015 | Excise range office, Mavelikkara |
| 9 | Sri. P. V. Michael Das | 11/1988 | 01/08/2015 | Taluk Office, Ambalappuzha |
| 10 | Smt. Khadeeja Beevi | 12/1995 | 01/08/2015 | Police station, Cherthala |
| 11 | Smt. P. J. Thresiamma | 07/1994 | 03/09/2015 | Taluk office, Mavelikkara |

3) The service of Smt. Indira, one among the applicants of the said case has not been regularised since she was expired. Smt. Marykutty had retired from service on 31.08.2015 on completion of 70 years of age. Subsequently, Smt. Marykutty and four other employees had filed C.P(C).No.140/2015 challenging their appointments in other departments and taluk offices and the Hon. Tribunal on 24.03.2017 has ordered to appoint them in the Alappuzha District Collectorate, except Smt. Marykutty who had retired from service. Subsequently, as per G.O.(Rt).No.2372/2017/REV dated 23.05.2017, four more PTS posts were created in the Alappuzha Collectorate and Smt. Y. Naseema, Sri. B. Baby, Smt. Khadeeja Beevi and Smt. P.J. Thresiamma were appointed in the Alappuzha Collectorate as per the proceedings No.A4.18463/07 dated 19/06/2017 of the District Collector, Alappuzha.

4) Smt. Marykutty and others had submitted a representation before the Government seeking regularization as Part-time Sweeper with effect from 18/06/2001 as per clause 8 of G.O.(P) No.501/2005/Fin dated 25.11.2005. The Hon'ble Tribunal, vide its order dated 24.11.2017 in the C.P.140/2015 had directed the Government to take a decision in the matter in accordance with the guidelines. However, since regularization of the applicants with retrospective effect from 18.06.2001 would cause huge financial burden on the Government, the said request was declined vide G.O.(Rt) No. 884/2018/REV dated 13.03.2018. Aggrieved by this, Sri. B. Vishwambaran and 9 other incumbents had filed OA No.830/2019. The Hon'ble Tribunal, considered the said case on 14/08/2024 and quashed the Government Order dated 13.03.2018 and observing that the applicants were eligible for regularization from 18.06.2001, the Hon'ble Tribunal had directed the Government to regularize the services of the applicants as PTS accordingly with consequential benefits.

5) The Finance Department has opined as follows on the regularization of Sri. Vishwambharan and others in the post of PTS with retrospective effect from 18.06.2001 and granting consequential benefits to them based on the order dated 14.08.2024 of the Hon’ble Kerala Administrative Tribunal in OA No. 830/2019.

“25/11/2005 തിയ്യതിയിലെ സ. ഉ (പി) നം. 501/2005/ധന ഉത്തരവ് അനുസരിച്ച് ഈ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്വീപ്പിങ്ങ് ഏര്യ പുനർനിർണ്ണയിക്കുമ്പോൾ 100 ച.മീ അധികം സ്വീപ്പിങ്ങ് ഏര്യ ഉള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പർമാരാണ് ക്രമവത്ക്കരണത്തിന് അർഹരായിട്ടുള്ളത്. ഇത്തരത്തിൽ ക്രമവത്ക്കരണം അനുവദിക്കുമ്പോൾ 18/06/2001 തിയ്യതി പ്രാബല്യത്തിലോ കാഷ്വൽ സ്വിപ്പറായി നിയമനം ലഭിച്ച തിയ്യതിയോ ഏതാണ് രണ്ടാമത് വരുന്നത് പ്രസ്തുത തിയ്യതി മുതൽ ക്രമവത്ക്കരണം അനുവദിക്കാവുന്നതാണ്. 25/11/2005 തിയ്യതിയിലെ ഉത്തരവിലെ ഖണ്ഡിക 14,15 അനുസരിച്ച് 100 ച . മീ മുതൽ 800 ച . മീ വരെ സ്വീപ്പിങ്ങ് ഏര്യ ഉള്ള ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ

തസ്തികയാണ് അനുവദനീയമായിട്ടുള്ളത്. അതനുസരിച്ച് 7200 ച .മീ സ്വീപ്പിംഗ് ഏര്യ ഉള്ള ആലപ്പുഴ കളക്ടറേറ്റിൽ 9 പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്ക് മാത്രമാണ് അർഹത ഉള്ളത്. TA No.4862/12 (WP(C) No.14196/07) നമ്പർ കേസിലെ അപേക്ഷകർ ആലപ്പുഴ കളക്ടറേറ്റിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന സമയത്ത് തന്നെ പ്രസ്തുത ഓഫീസിൽ 9 പാർട്ട് ടൈം സ്വീപ്പർ തസ്തികകളും നിലവിൽ ഉണ്ടായിരുന്നതും ഈ തസ്തികകളിൽ സ്ഥിരം ജീവനക്കാർ ജോലി നോക്കിയിരുന്നതുമാണ്. 25/11/2005 തിയ്യതിയിലെ ഉത്തരവിലെ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുകയാണെങ്കിൽ TA No.4862/12 (WP(C) No.14196/07) നമ്പർ കേസിലെ ഹർജിക്കാർക്ക് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹത ഇല്ലാത്തതാണ്. എന്നിരുന്നാലും ബഹു. കോടതി വിധി പാലിക്കുന്നതിന്റെ ഭാഗമായാണ് അധിക PTS തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ച് ഹർജിക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ധനവകുപ്പ് അനുമതി നല്കിയത്.

OA 830/2019 നമ്പർ കേസിലെ reply statement - ൽ ആലപ്പുഴ കളക്ടറേറ്റിൽ മതിയായ സ്വീപ്പിങ്ങ് ഏരിയ ഇല്ലായിരുന്നു എന്ന വിവരം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിലും ബഹു.കോടതി ആയത് അംഗീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ, 25/11/2005 തിയ്യതിയിലെ സ.ഉ. (പി) നം. 501/2005/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് മതിയായ സ്വീപ്പിങ്ങ് ഏര്യ ഇല്ലാതിരുന്ന കാലയളവിൽ കാഷ്വൽ സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ മുൻകാല പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നത് അനുവദനീയമല്ലാത്തതിനാൽ OA 830/2019 നമ്പർ കേസിലെ 14.08.2024 തീയതിയിലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ ഭരണ വകുപ്പിനെ അറിയിക്കുന്നു.''

6) However, the Senior Government Pleader had furnished legal opinion stating that there was no scope for a successful appeal on the ground that the Hon'ble

Kerala Administrative Tribunal vide order dated 10.03.2014 in TA No.4862/12 had already declared that the applicants were eligible for regularization with effect from 18.06.2001 and the said decision was final since no appeal was filed against the said order. Therefore, the opinion of the Law Department was consulted about the scope for an appeal against the order of the Hon'ble Tribunal dated 14.08.2024 in OA No. 830/2019 and that Department has opined as follows :

"OA 830/2019 നമ്പർ കേസിൽ ബഹു.ട്രിബ്യൂണൽ മുമ്പാകെ അപേക്ഷകർ ഉന്നയിച്ച പ്രധാന വിഷയം 18.06.2001 തീയതി പ്രാബല്യത്തിൽ അപേക്ഷകരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുക എന്നതാണ്. താഴെ പറയുന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ 18.06.2001 തീയതി പ്രാബല്യത്തിൽ അപേക്ഷകരെ റെഗുലറൈസ് ചെയ്യുന്നതിനും ആയതിനോടനുബന്ധിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും ഉത്തരവായിട്ടുള്ളതെന്ന് കാണുന്നു :- " No attempt was made from the side of the Government to consider their entitlement as per G.O dated 25.11.2005 and instead, the Government has refused to consider their claim on the ground that there was no such direction in the orders in TA.No.4862/2012 and C.P No.140/2015. Now for the first time in the reply statement filed in this OA.830/2019, the respondents have come up with the contention that no regularisation is possible w.e.f 18.06.2001 as the Collectorate was having sufficient Part Time Sweepers on the date on which the regularization of the applicants was considered. It is settled proposition of law that an order which is barred of its cannot be improved by a subsequent affidavit."

കൂടാതെ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് അപേക്ഷകർ ഫയൽ ചെയ്ത TA.4862/12 (WP(C) No.14196/07) നമ്പർ കേസിലെ 10.03.2014 തീയതിയിലെ ഉത്തരവിൽ ഇപ്രകാരം നിരീക്ഷിച്ചു കൊണ്ടാണ് ബഹു.ട്രിബ്യൂണൽ 25.11.2005 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകരെ പാർട്ട് ടൈം

സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുന്നതിന് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയതെന്ന് കാണുന്നു :- " The case of the respondents is that the sweeping area will come to 7200.80 Sq.Mtrs. A casual sweeper can be regularized, if there is a sweeping area of 100 sq.mtrs for him, under Ext.P10. Even if the outer limit of 400 Sq.Mtrs is taken, there is sufficient area to accommodate all the 13 casual sweepers. Now, one of them is no more, and for the remaining 12 casual sweepers, there in more that sufficient sweeping area to regularize them. Even taking the sweeping area of a casual sweeper as 400 Sq.Mtrs, the area of 7200.80 Sq.Mtrs is sufficient to accommodate 18 casual sweepers. In view of the above position Ext.P11 is quashed."

10.03.2014 തീയതിയിലെ ടി ഉത്തരവിനെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടില്ലായെന്ന് കാണുന്നു. അപ്രകാരം പ്രസ്തുത ഉത്തരവ് അന്തിമമായി തീർന്നിട്ടുള്ളതാണ്.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ബഹു.ട്രിബ്യൂണൽ OA 830/2019 നമ്പർ കേസിൽ അപേക്ഷകർക്ക് അനുകൂലമായി ഉത്തരവായിട്ടുള്ളതെന്ന് കാണുന്നു.

ഈ കേസ് സംബന്ധിച്ച വസ്തുതകൾ മേൽപ്രകാരമായിരിക്കെ, OA 830/2019 നമ്പർ കേസിലെ ബഹു.ട്രൈബ്യൂണലിന്റെ 14.08.2024 തീയതിയിലെ ഉത്തരവിനെതിരെ വിജയകരമായ അപ്പീൽ സാധ്യത വിരളമാണെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ്."

7)When the matter of giving retrospective effect from 18.06.2001 for the regularization of the services of Sri. Viswambharan & 10 others as PTS in compliance with the order of the Hon'ble Kerala Administrative Tribunal was submitted for taking orders, in view of the opinion of the Law Department that the chances of a successful appeal against the order of the Hon'ble Kerala Administrative Tribunal

dated 14.08.2024 in OA 830/2019 with respect to their regularisation retrospectively with effect from 18.06.2001 as PTS with consequential benefits, are too remote, the Hon. Chief Minister has directed the Chief Secretary to examine the matter. Accordingly the Chief Secretary has offered the following remarks for orders.

> "ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലും ഉത്തരവിനെതിരെ വിജയപ്രദമായ അപ്പീലിന് സാദ്ധ്യതയില്ലെന്ന അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന് ആലപ്പുഴ ജില്ലാ റവന്യൂ വിഭാഗത്തിൽ 12 ജീവനക്കാരെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം അനുവദിച്ചതിന് 18.06.2001 മുതൽ മുൻകാല പ്രാബല്യം അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്."

8) The Hon. Chief Minister has ordered to place the matter before the Council of Ministers for consideration.

## **Point for decision**

Whether regularising the services of Sri. Viswambaran and 10 others mentioned at para 2 of this note, who were the sweepers on daily wage basis in the Alappuzha District Revenue establishment, as PTS, may be given retrospective effect from 18.06.2001 and the consequential benefits if any, may be granted to them in accordance with the Order of the Hon’ble Kerala Administrative Tribunal dated 14.08.2024 in OA 830/2019, by overruling the remarks of Finance Department?